ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 15.04.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1) രാജ്യത്ത് പുതുതായി കൊണ്ടുവന്ന വഖഫ് നിയമ ഭേദഗതി പാവപ്പെട്ട മുസ്ലീങ്ങൾക്ക് ഗുണം ചെയ്യുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

**Prime Minister Narendra Modi says recent changes in Waqf law will stop exploitation of poor and backward muslims.**

2) ദേശീയപാതകളുടെ വികസനവും ഹൈവേ നിർമാണത്തിലെ മികവ് പ്രോത്സാഹിപ്പിക്കുന്നതും ലക്ഷ്യമിട്ട് നാഷണൽ ഹൈവേ എക്സലൻസ് അവാർഡ്സ് 2023 ഇന്ന് സമ്മാനിക്കും.

**National Highway Excellence Awards 2023 to be Presented Today Aiming to Promote Highway Development and Excellence in Construction**

3) കേന്ദ്രമന്ത്രി കിരൺ റിജിജു ഇന്ന് മുനമ്പത്തെ സമര പന്തലിലെത്തും.

**Union Minister Kiren Rijiju to Visit Munambam Protest Site Today**

4) സ്ത്രീകൾ മാത്രമുള്ള ആദ്യത്തെ വിനോദസഞ്ചാര ബഹിരാകാശ പേടകം വിജയകരമായി ഭൂമിയിലേക്ക് തിരിച്ചെത്തി.

**First-ever all-women tourist spacecraft successfully returns to Earth after a short flight.**

5) ഐപിഎൽ ക്രിക്കറ്റിൽ ലക്നൗ സൂപ്പർ ജയൻറ്സിനെതിരെ ചെന്നൈ സൂപ്പർ കിംഗ്സിന് അഞ്ചുവിക്കറ്റ് ജയം; ഹോക്കി ഇന്ത്യ സീനിയർ പുരുഷ ദേശീയ ചാമ്പ്യൻഷിപ്പ് ഫൈനലിൽ ഇന്ന് മധ്യപ്രദേശും പഞ്ചാബും ഏറ്റുമുട്ടും.

**Chennai Super Kings Defeat Lucknow Super Giants by Five Wickets in IPL; Madhya Pradesh to Face Punjab in Hockey India Senior Men's National Championship Final Today**

&&&&&&&&&&&&&&&&&&

**NHEA**

നാഷണൽ ഹൈവേ എക്സലൻസ് അവാർഡ്സ് 2023 ഇന്ന് ന്യൂഡൽഹിയിൽ സമ്മാനിക്കും. രാജ്യത്തുടനീളമുള്ള ദേശീയപാതകളുടെ വികസനം , നൂതന രീതികൾ പ്രോത്സാഹിപ്പിക്കുക, ഹൈവേ നിർമാണത്തിലെ മികവിനെ അംഗീകരിക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് പുരസ്കാരം സമ്മാനിക്കുന്നത്. ഹൈവേ നിർമ്മാണത്തിലെ ഉയർന്നുവരുന്ന സാങ്കേതികവിദ്യകൾ, കുന്നിൻ പ്രദേശങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം, ഇന്ത്യൻ നിർമ്മാണ കമ്പനികളുടെ ആഗോള മത്സരശേഷി

വർദ്ധിപ്പിക്കൽ തുടങ്ങിയ പ്രധാന വിഷയങ്ങളിൽ വിദഗ്ധരെ ഉൾപ്പെടുത്തി പാനൽ ചർച്ചകളും ഇന്ന് നടക്കും.

&&&&&&&&&&&&&&&&&&

## PM HARYANA-INTRO

ഡോ. അംബേദ്കറുടെ ദർശനങ്ങൾക്ക് അനുസൃതമായി എല്ലാവരെയും ഉൾച്ചേർത്തുകൊണ്ടുള്ള നയങ്ങളാണ് സർക്കാർ കൈക്കൊള്ളുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. വഖഫ് നിയമ ഭേദഗതി പാവപ്പെട്ട മുസ്ലീങ്ങൾക്ക് ഗുണം ചെയ്യുമെന്നും ആദിവാസി ഭൂമി സംരക്ഷിക്കുമെന്നും പ്രധാനമന്ത്രി പറഞ്ഞു. ഹരിയാനയിലെ ഹിസാറിലും യമുന നഗറിലും വിവിധ വികസന പ്രവർത്തനങ്ങൾക്ക് അദ്ദേഹം തുടക്കം കുറിച്ചു. 8,470 കോടി ചെലവിൽ സ്ഥാപിക്കുന്ന 800 മെഗാവാട്ട് അത്യാധുനിക താപവൈദ്യുത നിലയവും ഇതിൽ ഉൾപ്പെടുന്നു. വികസിത ഭാരതത്തിനായുള്ള പ്രവർത്തനങ്ങളിൽ വൈദ്യുതി ലഭ്യത സുപ്രധാനമാണെന്ന് പ്രധാനമന്ത്രി പറഞ്ഞു.
**(ഹോൾഡ് വോയിസ്)**

&&&&&&&&&&&&&&&&&&

## JUSTICE GAVAI - CONSTITUTION

കാലത്തെ അതിജീവിച്ച് രാജ്യത്ത് സുസ്ഥിരതയും ഐക്യവും നിലനിർത്താൻ ഭരണഘടനയ്ക്ക് കഴിഞ്ഞതായി സുപ്രീം കോടതി ജസ്റ്റിസ് ബി ആർ ഗവായ്. ന്യൂഡൽഹിയിൽ 'ഡോ. അംബേദ്കർ സ്മാരക പ്രഭാഷണ'ത്തിൽ

സംസാരിക്കുകയായിരുന്നു അദ്ദേഹം. വിവിധ വെല്ലുവിളികളെ അതിജീവിച്ച്, മാറിക്കൊണ്ടിരിക്കുന്ന ആവശ്യങ്ങൾക്കനുസരിച്ച് ഭരണഘടനയിൽ ഭേദഗതി വരുത്താൻ കഴിഞ്ഞിട്ടുണ്ടെന്നും ജസ്റ്റിസ് ഗവായ് പറഞ്ഞു.

&&&&&&&&&&&&&&&&&&&

## HM – FORENSIC SCIENCE SUMMI

രാജ്യത്തെ നീതിന്യായ വ്യവസ്ഥയെ ജനകേന്ദ്രീകൃതവും ശാസ്ത്രീയവുമാക്കാനാണ് സർക്കാർ ശ്രമിക്കുന്നതെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ. ന്യൂഡൽഹിയിൽ അഖിലേന്ത്യാ ഫോറൻസിക് സയൻസ് ഉച്ചകോടിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. രാജ്യത്തെ ക്രിമിനൽ നീതിന്യായ വ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതിൽ ഫോറൻസിക് സയൻസിന്റെ ഉപയോഗം നിർണായകമാണെന്ന് ശ്രീ ഷാ ചൂണ്ടിക്കാട്ടി.

&&&&&&&&&&&&&&&&&&&

## ALL PARTY MEETING

കേരളത്തിൽ, ലഹരി വിരുദ്ധ ക്യാമ്പയിനിന്റെ ഭാഗമായി മുഖ്യമന്ത്രി പിണറായി വിജയൻ വിളിച്ച യോഗങ്ങൾ നാളെ. രാവിലെ 11.30ന് മതമേലധ്യക്ഷൻമാരുടെ യോഗം നടക്കും. വൈകിട്ട് 3.30നാണ് സർവകക്ഷിയോഗം. രണ്ട് യോഗങ്ങളും ഓൺലൈനായാണ് ചേരുക.

&&&&&&&&&&&&&&&&&&&

## KIRAN RIJIJU

കേന്ദ്രമന്ത്രി കിരൺ റിജിജു ഇന്ന് എറണാകുളം മുനമ്പത്തെ സമര പന്തലിലെത്തും. വഖഫ് നിയമ ഭേദഗതി പാസായതിൽ പ്രധാനമന്ത്രി നരേന്ദ്രമോദിക്കും കേന്ദ്ര സർക്കാരിനും നന്ദി അറിയിക്കാൻ സമരസമിതി സംഘടിപ്പിക്കുന്ന പരിപാടിയിൽ കേന്ദ്രമന്ത്രി പങ്കെടുക്കും.

&&&&&&&&&&&&&&&&&&

## NT- WAQF AMENDMENT BENGAL

പശ്ചിമ ബംഗാളിലെ മുർഷിദാബാദ് ജില്ലയിലെ സംഘർഷം കോടതി മേൽനോട്ടത്തിൽ പ്രത്യേക സംഘം അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ട് സുപ്രീം കോടതിയിൽ ഹർജി. വഖ്ഫ് ഭേദഗതി നിയമത്തിനെതിരായ പ്രതിഷേധങ്ങൾ ക്രമസമാധാന പ്രശ്നത്തിലേക്ക് നയിച്ചതിന്റെ കാരണം പരിശോധിക്കണമെന്ന് ആവശ്യപ്പെട്ടാണ് ഹർജി. അക്രമമുണ്ടായ പ്രദേശങ്ങളിൽ ബിഎസ്എഫിനെ വിന്യസിക്കുന്നതിനുള്ള കാലാവധി നീട്ടണമെന്ന് ആവശ്യപ്പെട്ട് കൽക്കട്ട ഹൈക്കോടതിയിൽ അപ്പീൽ നൽകുമെന്ന് കേന്ദ്രസഹമന്ത്രിയും ബിജെപി സംസ്ഥാന അധ്യക്ഷനുമായ സുകാന്ത മജുംദാർ അറിയിച്ചു.

&&&&&&&&&&&&&&&&&&

## MURSHIDABAD – BJP

അതിനിടെ സംഭവത്തിൽ അടിയന്തരമായി ഇടപെടണമെന്ന് ആവശ്യപ്പെട്ട് പശ്ചിമ ബംഗാൾ ഗവർണർ സി.വി. ആനന്ദ ബോസിന് അദ്ദേഹം കത്തയച്ചു. കേവലം ഒരു ക്രമസമാധാന പ്രശ്നമല്ല, മറിച്ച് മാനുഷിക പ്രതിസന്ധിയാണിതെന്ന് ശ്രീ മജുംദാർ കത്തിൽ പറഞ്ഞു.

&&&&&&&&&&&&&&&&&&

## LOK BANDHU HOSPITAL FIRE

ലഖ്നൗവിലെ ലോക് ബന്ധു ആശുപത്രിയുടെ രണ്ടാം നിലയിൽ ഉണ്ടായ തീപിടുത്തത്തെ തുടർന്ന് 200 ഓളം രോഗികളെ മറ്റ് ആശുപത്രികളിലേക്ക് മാറ്റിയതായി ഉത്തർപ്രദേശ് ഉപമുഖ്യമന്ത്രി ബ്രിജേഷ് പഥക്. ഇതുവരെ ആളപായമൊന്നും റിപ്പോർട്ട് ചെയ്യിട്ടില്ല. അഗ്നിശമന സേനയുടെ നേതൃത്വത്തിൽ രക്ഷാപ്രവർത്തനം തുടരുകയാണ്. സംഭവത്തിൽ മുഖ്യമന്ത്രി യോഗി ആദിത്യനാഥ് അന്വേഷണം പ്രഖ്യാപിച്ചു.

&&&&&&&&&&&&&&&&&&

## US – IRAN TALKS

ഇറാന്റെ ആണവ പദ്ധതികൾ സംബന്ധിച്ച് അമേരിക്കയും ഇറാനും തമ്മിലുള്ള രണ്ടാം ഘട്ട ചർച്ചകൾ ശനിയാഴ്ച റോമിൽ നടക്കുമെന്ന് റിപ്പോർട്ട്. ഒമാന്റെ മധ്യസ്ഥതയിൽ കഴിഞ്ഞ ശനിയാഴ്ച നടന്ന ആദ്യവട്ട ചർച്ചയ്ക്ക് പിന്നാലെ

റോമിൽ യോഗം നടത്തുമെന്ന് ഇറ്റാലിയൻ വിദേശകാര്യ മന്ത്രി അന്റോണിയോ തജാനി പ്രഖ്യാപിച്ചു. അതേസമയം, യുഎസുമായുള്ള ആണവ ചർച്ചകളെക്കുറിച്ചുള്ള കൂടിയാലോചനകൾക്കായി ഇറാൻ വിദേശകാര്യ മന്ത്രി അബ്ബാസ് അരാഗ്ചി ഈ ആഴ്ച റഷ്യയിലേക്ക് പോകും.

&&&&&&&&&&&&&&&&&&

## NT. WOMEN- CREW(INTRO)

ആറ് വനിതകളുമായി ബഹിരാകാശത്തേക്കു പറന്ന ബ്ലൂ ഒറിജിനിന്റെ ന്യൂ ഷെപ്പേർഡ് 31 (NS-31) വിമാനം ഭൂമിയിലേക്ക് മടങ്ങി. 1963-ൽ റഷ്യൻ ബഹിരാകാശയാത്രിക വാലന്റീന തെരേഷ്കോവയുടെ ചരിത്രപരമായ യാത്രക്ക് ശേഷം ഇതാദ്യമായാണ് സ്ത്രീകൾ മാത്രമുള്ള സംഘം വിനോദസഞ്ചാര ബഹിരാകാശ പേടകം - ന്യൂ ഷെപ്പേർഡ് 31 ൽ യാത്ര നടത്തിയത്. ( വോയിസ്.....)

ആമസോൺ സ്ഥാപകൻ ജെഫ് ബെസോസിന്റെ ഉടമസ്ഥതയിലുള്ള ബഹിരാകാശ കമ്പനിയായ ബ്ലൂ ഒറിജിൻ, ന്യൂ ഷെപ്പേർഡ്സിന്റെ 11-ാമത് ഹ്യൂമൻ ഫ്ലൈറ്റാണ് NS-31.

&&&&&&&&&&&&&&&&&&

## IPL CRICKET

ഐപിഎൽ ക്രിക്കറ്റിൽ ലക്നോ സൂപ്പർ ജയൻറ്സിനെതിരെ ചെന്നൈ സൂപ്പർ കിംഗ്സിന്

അഞ്ചുവിക്കറ്റ് ജയം. ആദ്യം ബാറ്റ് ചെയ്ത ലക്നൗ നിശ്ചിത ഓവറിൽ 7 വിക്കറ്റ് നഷ്ടത്തിൽ 166 റൺസ് നേടി. മറുപടി ബാറ്റിംഗിനിറങ്ങിയ ചെന്നൈ 19.3 ഓവറിൽ അഞ്ചുവിക്കറ്റ് നഷ്ടത്തിൽ ലക്ഷ്യം മറികടന്നു. ഈ സീസണിൽ തുടർച്ചയായ അഞ്ചുതോൽവികൾക്ക് ശേഷമാണ് ചെന്നൈ വിജയവഴിയിലേക്ക് തിരിച്ചെത്തിയത്.

&&&&&&&&&&&&&&&&&&

## HOCKEY – SENIOR MEN CHAMPIONSHIP

ഹോക്കി ഇന്ത്യ സീനിയർ പുരുഷ ദേശീയ ചാമ്പ്യൻഷിപ്പ് ഫൈനലിൽ മധ്യപ്രദേശും പഞ്ചാബും ഏറ്റുമുട്ടും. ഉത്തർപ്രദേശിലെ ഝാൻസിയിൽ ഇന്ന് രാത്രി 7 മണിക്കാണ് മത്സരം . മൂന്നാം സ്ഥാനത്തിനായുള്ള മത്സരത്തിൽ ഉത്തർപ്രദേശ് മണിപ്പൂരുമായി ഏറ്റുമുട്ടും.

&&&&&&&&&&&&&&&&&&

## CHESS GRAND SLAM PARIS

പാരീസിൽ നടന്ന ഫ്രീസ്റ്റൈൽ ചെസ് ഗ്രാൻഡ് സ്ലാം ലോക ഒന്നാം നമ്പർ താരമായ നോർവേയുടെ മാഗ്നസ് കാൾസൺ നേടി. അമേരിക്കയുടെ ഗ്രാൻഡ് മാസ്റ്റർ ഹികാരു നകാമുറയെ പരാജയപ്പെടുത്തിയാണ് കിരീട നേട്ടം. ഇന്ത്യൻ ഗ്രാൻഡ് മാസ്റ്റർ അർജുൻ എറിഗൈസി, അഞ്ചാം സ്ഥാനത്തെത്തി.

&&&&&&&&&&&&&&&&&&&

## DOLLARS FALL

അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ താരിഫ് നയങ്ങൾക്ക് പിന്നാലെ യു.എസ് ഡോളറിന്റെ മൂല്യം 0.7 ശതമാനം ഇടിഞ്ഞു. തുടർച്ചയായ അഞ്ചാം ദിവസവും അമേരിക്കൻ ആസ്തികളിൽ നിന്ന് നിക്ഷേപകർ കൂട്ടത്തോടെ പണം പിൻവലിച്ചതോടെ യു.എസ് ഡോളറിന്റെ മൂല്യം മൂന്ന് വർഷത്തിനിടയിലെ ഏറ്റവും താഴ്ന്ന നിലയിലെത്തുകയായിരുന്നു. അതിനിടെ,ഡോളറിനെതിരെ ഇന്ത്യൻ കറൻസിയുടെ മൂല്യം 0.75 ശതമാനം ഉയർന്നു.

&&&&&&&&&&&&&&&&&&&

## IMD - WEATHER

രാജ്യത്തിന്റെ വടക്കു - പടിഞ്ഞാറൻ മേഖലയിലെ ചില പ്രദേശങ്ങളിൽ അടുത്ത 3 ദിവസങ്ങളിൽ ഉഷ്ണതരംഗമുണ്ടാകുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കേരളത്തിലും ചൂട് കൂടും. അതേസമയം, രാജ്യത്തിന്റെ കിഴക്ക് , വടക്കു-കിഴക്കൻ മേഖലകളിൽ അടുത്ത 5 ദിവസങ്ങളിൽ ഇടിമിന്നലോട് കൂടിയ മഴയും ശക്തമായ കാറ്റും ഉണ്ടാകുമെന്നും കാലാവസ്ഥാ കേന്ദ്രം അറിയിച്ചു.

&&&&&&&&&&&&&&&&&&&

## WEATHER

കേരളത്തിലെ വിവിധ ജില്ലകളിൽ ഇന്നലെ കനത്ത മഴ. കണ്ണൂർ ജില്ലയിൽ ശക്തമായ കാറ്റിൽ പലയിടത്തും നാശനഷ്ടമുണ്ടായി. ഇടുക്കി ജില്ലയിലെ ചില പ്രദേശങ്ങളിൽ കാറ്റിലും മഴയിലും മരങ്ങൾ കടപുഴകി വീണു, ഗതാഗതം തടസ്സപ്പെട്ടു. വയനാട് കേണിച്ചിറ നടവയൽ ഭാഗങ്ങളിൽ ശക്തമായ കാറ്റിലും മഴയിലും കനത്ത നാശനഷ്ടം റിപ്പോർട്ട് ചെയ്തു.

&&&&&&&&&&&&&&&&&&

## KOLLAM -POORAM

കൊല്ലം പൂരവും കുടമാറ്റവും ഇന്ന് വൈകിട്ട് ആശ്രാമം മൈതാനത്ത് നടക്കും. പൂരം പ്രമാണിച്ച് ഉച്ചക്ക് രണ്ട് മുതൽ നഗരസഭാ പരിധിയിൽ പ്രാദേശിക അവധി പ്രഖ്യാപിച്ചിട്ടുണ്ട്. നേരത്തെ നിശ്ചയിച്ച പൊതുപരീക്ഷകൾക്ക് മാറ്റമില്ല.

&&&&&&&&&&&&&&&&&&

## AMBEDKAR JAYANTI - UN

ആധുനിക ജനാധിപത്യ വ്യവസ്ഥിതിയുടെ അടിത്തറ പാകുന്നതിനായി ജീവിതം സമർപ്പിച്ച വ്യക്തിയാണ് ഡോ. ബി.ആർ. അംബേദ്കർ എന്ന് ഐക്യരാഷ്ട്രസഭയിലെ ഇന്ത്യയുടെ സ്ഥിരം പ്രതിനിധി പർവ്വതനേനി ഹരീഷ്. അംബേദ്കറുടെ 135-ാാം ജന്മവാർഷികത്തോടനുബന്ധിച്ച് യു.എന്നിൽ നടന്ന അനുസ്മരണ പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&&&&&&&

## PAKISTAN EXPEL AFGHAN FAMILIES

അഫ്ഗാൻ പൗരന്മാരെ നിർബന്ധിതമായി പുറത്താക്കുന്നത് തുടർന്ന് പാകിസ്ഥാൻ. കിഴക്കൻ നൻഗർഹാറിലെ തോർഖാം അതിർത്തിയിലൂടെയും , തെക്കൻ കാണ്ഡഹാർ പ്രവിശ്യയിലെ അതിർത്തിയിലൂടെയും 852 അഫ്ഗാൻ കുടുംബങ്ങളെ പാകിസ്ഥാൻ ഏജൻസികൾ നാടുകടത്തിയതായി അഫ്ഗാനിസ്ഥാന്റെ ഹൈക്കമ്മീഷൻ അറിയിച്ചു.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&

&&&&

&&&

&&

&